**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5033** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലകളിലെ അപകട മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലകളിൽ ചെറുപ്പക്കാരുടെയും വിദ്യാർത്ഥികളുടെയും അപകട മരണങ്ങൾ ആശങ്കജനകമാംവിധം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനിടയാക്കുന്ന കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് സുരക്ഷയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ ഇത്തരം കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ബീച്ചുകളിലും മറ്റും ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ ലൈഫ് ഗാർഡുമാരെയും സജ്ജമാക്കിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഭാഗമായുള്ള സാഹസിക ടൂറിസം പദ്ധതികളിലും ഇത്തരം സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്താനുള്ള മാർഗ്ഗരേഖ ഉണ്ടാക്കിയിട്ടുണ്ട്. |
| (ബി) | അപകട മരണങ്ങൾക്ക് പ്രധാന കാരണങ്ങളിലൊന്ന് മദ്യം-മയക്കുമരുന്ന് എന്നിവയുടെ അനിയന്ത്രിത ഉപ യോഗമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷ ശക്തമാക്കുന്നതിനുള്ള നടപടികൾ പോലീസുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്. സാമൂഹ്യവിരുദ്ധരെയും ലഹരി മാഫിയെയും ഉൻമൂലനം ചെയ്യുന്നതിനായി പോലീസ് പട്രോളിംഗ് നടത്തിവരുന്നുണ്ട്. ഈ പ്രദേശങ്ങളിലെയും സമീപ പ്രദേശങ്ങളിലെയും കച്ചവട സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ, ഹൗസ് ബോട്ട് എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.<br><br>കൂടാതെ മയക്കുമരുന്ന് ഇടപാടുകാരെക്കുറിച്ച് രഹസ്യമായി അന്വേഷിക്കുന്നതിനായി DANSAF (District Anti Narcotic Special Action Force) സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പരിസര പ്രദേശങ്ങളിലും നിയന്ത്രിച്ചുവരുന്നുണ്ട്. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ടൂറിസം പോലീസിനെ നിയമിച്ചും സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം അപകടമരണങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് അവബോധം ഉണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പുകൾ ഉണ്ടാകുന്ന ഘട്ടത്തിൽ ഇത്തരം ടൂറിസം കേന്ദ്രങ്ങൾ അടയ്ക്കുന്നത് ഉൾപ്പെടെ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. ഇവ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുവാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ അപകടങ്ങൾ വരുത്തി വയ്ക്കുന്ന പ്രവൃത്തികളും രാത്രിയാത്രകളും ഒഴിവാക്കുന്നതിന് നവമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും അവബോധം നൽകിവരുന്നു. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും, ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ച് വരുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ